(സി) ഇക്കാര്യത്തിൽ നടപടി സ്വീകരിക്കേണ്ടത് അതാത് സംസ്ഥാന സർക്കാരുകളാണ്. മലയാളികൾക്ക് ന്യൂനപക്ഷ പദവി ലഭിക്കാൻ അർഹതയുള്ള സംസ്ഥാനങ്ങൾ ഏതൊക്കെയാണ് എന്ന് കണ്ടുപിടിക്കുന്നതിന് മറുനാടൻ മലയാളികളെക്കുറിച്ചുള്ള ഒരു സമഗ്ര സർവ്വെ നടത്തി ഒരു സ്ഥിതി വിവരകണക്ക് തയ്യാറാക്കേണ്ടതുണ്ട്.

പ്രൊഫഷണൽ കോഴ്സുകൾക്കുള്ള എൻട്രൻസ് പരീക്ഷകൾ

148 (4431) ശ്രീ. എ. കെ. മണി :
ശ്രീമതി മേഴ്സി രവി :
ശ്രീ. ലൂഡി ലൂയിസ് :
ശ്രീ. എ. പി. അനിൽ കുമാർ :
ശ്രീ. വർക്കല കഹാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഇൻഫർമേഷനും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രൊഫഷണൽ കോഴ്സുകൾക്കുള്ള എൻട്രൻസ് പരീക്ഷകൾ മലയാളികൾ കൂടുതൽ താമസിക്കുന്ന നഗരങ്ങളിലും വച്ച് നടത്തുവാൻ നോർക്കയ്ക്ക് പരിപാടിയുണ്ടോ :

(ബി) ഇത്തരം പരീക്ഷാ കേന്ദ്രങ്ങൾ വിദേശത്തും ഉണ്ടാകുമോയെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) പ്രൊഫഷണൽ കോഴ്സുകൾക്കുള്ള ഒരു പരീക്ഷാകേന്ദ്രം 2003 മുതൽ ന്യൂഡൽഹിയിൽ അനുവദിച്ചിട്ടുണ്ട്. 2003 ജൂലൈ 12, 13 തീയതികളിൽ നടന്ന മറുനാടൻ മലയാളി സംഗമത്തിൽ രൂപംകൊണ്ട കർമ്മ പരിപാടിയിൽ ഈ നിർദ്ദേശം ഉൾക്കൊള്ളിച്ചിട്ടുമുണ്ട്.

(ബി) ഇപ്പോൾ പരിഗണനയിലില്ല.

വിദേശത്ത് വീട്ടുജോലികൾക്കായി പോയി മടങ്ങിവരുന്ന സ്ത്രീകൾക്ക് പെൻഷൻ പദ്ധതി

149(4432) ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഇൻഫർമേഷനും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വീട്ടുജോലികൾക്കായി വിദേശത്ത് പോകുന്ന സ്ത്രീകൾ വളരെയധികം ബുദ്ധിമുട്ട് അനുഭവിക്കുന്നവരും നാട്ടിലെത്തിയാൽ കടുത്ത അവഗണന അനുഭവിക്കുന്നവരുമാണെന്ന കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ :

(ബി) ഇവർ ജോലി മതിയാക്കി തിരികെ വരുമ്പോൾ ഒരു പ്രതിമാസ പെൻഷൻ ലഭ്യമാക്കുന്ന തരത്തിൽ അവരുടെ കയ്യിൽ നിന്നും കുടി ധനസമാഹരണം നടത്തിക്കൊണ്ട് ഒരു പെൻഷൻ പദ്ധതി നടപ്പിലാക്കുവാൻ നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) വീട്ടുജോലികൾക്കായി വിദേശത്ത് പോകുന്ന സ്ത്രീകൾ അനുഭവിക്കേണ്ടിവരുന്ന ബുദ്ധിമുട്ടുകൾ പലതും സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) നോർക്ക വകുപ്പ് നടപ്പിലാക്കിയ പ്രവാസി സ്വാശ്രയ എന്ന സാമൂഹ്യ സുരക്ഷാ പദ്ധതിയിൽ ഇവർക്കും അംഗമാകാവുന്നതാണ്.

പ്രവാസികൾക്കുവേണ്ടി പ്രസിദ്ധീകരണം

150(4433) ശ്രീ. വി. ജെ. പൗലോസ് :
ശ്രീ. എ. സുജനപാൽ :
ശ്രീ. പി. ജെ. ജോയി :
ശ്രീ. ടി. യു. രാധാകൃഷ്ണൻ :
ശ്രീമതി മേഴ്സി രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഇൻഫർമേഷനും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രവാസികൾക്കുവേണ്ടി നോർക്ക പ്രത്യേക പ്രസിദ്ധീകരണം ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) എങ്കിൽ വിശദാംശം നൽകുമോ ?

ഉത്തരം

(എ) പ്രവാസികൾക്കുവേണ്ടി ഒരു പ്രത്യേക പ്രസിദ്ധീകരണം ആരംഭിക്കുന്നതിനുള്ള നിർദ്ദേശം ജൂലൈ 12, 13 തീയ്യതികളിൽ തിരുവനന്തപുരത്ത് വച്ച് നടന്ന മറുനാടൻ മലയാളി സംഗമം സമന്വയം 2003-ന്റെ കർമ്മ പരിപാടിയിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

(ബി) ഇത് സംബന്ധിച്ച പ്രാഥമിക ചർച്ചകൾ നടന്നുവരുന്നതേയുള്ളൂ.

സിനിമ വ്യവസായം തകരാതിരിക്കാൻ നടപടി

151 (4434) ശ്രീ. ഉമേഷ് ചള്ളിയിൽ :
ശ്രീ. എ. എൻ. രാജൻ ബാബു :
ശ്രീ. ജോണി നെല്ലൂർ :
ശ്രീ. ഷിബു ബേബി ജോൺ :
ശ്രീ. കെ. കെ. ഷാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഇൻഫർമേഷനും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് സിനിമ വ്യവസായം തകരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇതിനെതിരെ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly